# പതിമൂന്നാം കേരള നിയമസഭ
## പന്ത്രണ്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 4659** | **18.12.2014 ൽ മറുപടിക്കുണ്ടായിരുന്നത്**

## അംഗീകൃത അൺ എയിഡഡ് വിദ്യാലയങ്ങളിൽ പഠിക്കുന്ന വിദ്യാർത്ഥികളുടെ എണ്ണം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീ. വി. ശശി | | ശ്രീ. പി.കെ. അബ്ദുറബ്ബ്<br>വിദ്യാഭ്യാസ വകുപ്പുമന്ത്രി |
| (എ) | സംസ്ഥാനത്തെ അംഗീകൃത അൺ എയിഡഡ് വിദ്യാലയങ്ങളിൽ ഈ വർഷം പഠിക്കുന്ന വിദ്യാർത്ഥികളുടെ എണ്ണം കണക്കാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രൈമറി, ഹൈസ്കൂൾ, ഹയർ സെക്കന്ററി തിരിച്ച് എണ്ണം ലഭ്യമാക്കാമോ; | (എ) | 2014-2015 വർഷത്തെ താല്ക്കാലിക കണക്കു പ്രകാരം അംഗീകൃത ഹൈസ്കൂൾ തലം വരെയുള്ള സ്കൂളുകളിൽ 3,52,928 കുട്ടികൾ പഠിക്കുന്നു. എൽ.പി. വിഭാഗം - 1,60,150, യു.പി. വിഭാഗം 99,709, ഹൈസ്കൂൾ വിഭാഗം - 93069, ഹയർ സെക്കന്ററി - 80828 |
| (ബി) | ഈ സ്കൂളിലെ പഠന നിലവാരം/ വിദ്യാർത്ഥികളുടെ കൊഴിഞ്ഞു പോക്ക്/അദ്ധ്യാപകരുടെയും അനദ്ധ്യാപകരുടെയും സേവന-വേതന വ്യവസ്ഥകൾ/അദ്ധ്യാപകരുടെ യോഗ്യത എന്നിവയെ സംബന്ധിച്ച് പഠനം നടത്തിയിട്ടുണ്ടോ; | (ബി) | ഉണ്ട്; വിദ്യാർത്ഥികളുടെ കൊഴിഞ്ഞുപോക്ക് സംബന്ധിച്ച് പഠനം നടത്തിയിട്ടില്ല. അധ്യാപകരുടെയും അനദ്ധ്യാപകരുടെയും സേവന വേതന വ്യവസ്ഥകൾ, യോഗ്യതകൾ എന്നിവ സംബന്ധിച്ച് തൊഴിൽ വകുപ്പുമായി ചേർന്ന് പഠനം നടത്തിയിട്ടുള്ളതും ഇതു സംബന്ധിച്ച് ഒരു കരടുബിൽ തയ്യാറാക്കിയിട്ടുള്ളതുമാണ്.<br>എന്നാൽ ഹയർ സെക്കന്ററി തലത്തിൽ ഇത്തരം പഠനം നടത്തിയിട്ടില്ല. |
| (സി) | ഈ സ്ഥാപനത്തിലെ സ്ഥിരം/ താൽക്കാലികം അധ്യാപകരുടെ യോഗ്യത പരിശോധിക്കാൻ സംവിധാനം ഉണ്ടോ; ഉണ്ടെങ്കിൽ സംവിധാനത്തിന്റെ വിശദവിവരം ലഭ്യമാക്കാമോ? | (സി) | അംഗീകൃത അൺ എയ്ഡഡ് സ്കൂളുകളിലെ സ്ഥിരം /താല്കാലിക അധ്യാപകരുടെ യോഗ്യതകൾ പരിശോധിക്കുന്നതിന് ബന്ധപ്പെട്ട വിദ്യാഭ്യാസ ആഫീസർമാർക്ക് അധികാരം ഉണ്ട്. ഹയർ സെക്കന്ററി തലത്തിൽ നിലവിൽ സംവിധാനമില്ല. |

സെക്ഷൻ ഓഫീസർ